ഗ്രാമ ന്യായാലയ, കഞ്ഞിക്കുഴി

**(ഹാജർ- ശ്രീമതി. സീതാലക്ഷ്മി. വൈ, ന്യായാധികാരി)**

**2026-**മാണ്ട് മാർച്ച് മാസം **21-**ാം തീയതി

**ST. 209/20**

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരളസംസ്ഥാനത്തെ പ്രതിനിധീകരിച്ച് പോലീസ് സബ്ഇൻസ്പെക്ടർ, മാരാരിക്കുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 49/20<br>(പ്രതിനിധീകരിക്കുന്നത് ശ്രീമതി. സൂര്യ. ആർ.എസ്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, ചേർത്തല) |
| പ്രതി | : | ഹൻസി, S/o. ഇബ്രാഹിംകുട്ടി വയസ്സ്- 31/20 സുനാമി ഫ്ലാറ്റ്, ഇരവിപുരം. പി. ഓ, മയ്യനാട് കൊല്ലം.<br>(അഡ്വ. അനിൽ ബാബു ) |
| കുറ്റം | : | U/s. 279, 338, 304 A ലെ ഇന്ത്യൻ ശിക്ഷാ നിയമം |
| പ്രതിവാദം | : | കുറ്റം ചെയ്തതായി സമ്മതിച്ചില്ല. |
| കണ്ടെത്തൽ | : | പ്രതി കുറ്റക്കാരനല്ലെന്ന് കണ്ടെത്തി |
| വിധി | : | പ്രതിയെ ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, **2023,** 278(1) പ്രകാരം വെറുതെ വിട്ടിരിക്കുന്നു. |

<u>കുറ്റാരോപിതരുടെ വിവരണം</u>

| നം | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1 | ഹൻസി | ഇബ്രാഹിംകുട്ടി | | സുനാമി ഫ്ലാറ്റ് , ഇരവിപുരം. പി. ഓ, മയ്യനാട് കൊല്ലം. | 31/20 |

**തീയതി**

| സംഭവം നടന്നത് | പരാതി കിട്ടിയത് | റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതി ഹാജരായത്/അറസ്റ്റ് ചെയ്തത് | ജാമ്യം കിട്ടിയത് | വിചാരണ തുടങ്ങിയത് | വിചാരണ തീർന്നത് | വിധി പറഞ്ഞത് |
|---|---|---|---|---|---|---|---|
| 13.01.20 | 14.01.20 | 21.05.20 | 10.07.25 | 10.07.25 | 19.07.25 | 18.03.26 | 21.03.26 |

മേൽ നമ്പർ കേസിൽ 18.03.26-)ാ തീയതി അന്തിമ വാദം കേട്ട് 21.03.26 -)ാ തീയതിക്ക് ഈ കോടതി പുറപ്പെടുവിക്കുന്ന:-

**വിധിന്യായം**

1) മേൽ നമ്പർ കേസിൽ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം **279, 338 & 304(A) IPC** വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ച് മാരാരിക്കുളം പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, ക്രൈം നമ്പർ. 49/20 പ്രകാരം ബോധിപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രതി ഈ കോടതി മുമ്പാകെ വിചാരണയ്ക്ക് വിധേയനായത്.

2). **പ്രോസിക്യൂഷൻ കേസിന്റെ ചുരുക്കം:-** പ്രതി **KL. 02 – BB – 5365 –)ാ** നമ്പർ മോട്ടോർ സൈക്കിൾന്റെ ഡ്രൈവറായി ചുമതല വഹിച്ചു അപകമായും ഉദാസീനമായും മനുഷ്യജീവന് ആപത്തു വരത്തക്കവിധം ആലപ്പുഴ – ചേർത്തല NH റോഡേ തെക്കു നിന്നും വടക്കോട്ടു ഓടിച്ചു കൊണ്ടുവന്ന മോട്ടോർ സൈക്കിൾ **13.01.20** തീയതി ഉച്ച കഴിഞ്ഞു **3.15** മണി മായിത്തറ മാർക്കറ്റിനു തെക്കു വശം വെച്ച് ടി റോഡേ തെക്കു നിന്നും വടക്കോട്ടു സൈക്കിളിൽ സഞ്ചരിച്ചു വന്ന് റോഡ് ക്രോസ്സ് ചെയ്യാൻ നിന്ന ഒന്നാം സാക്ഷിയുടെ വല്യച്ഛൻ മാരാരിക്കുളം വടക്കു മിച്ചാരംവെളി വീട്ടിൽ മാധവൻ മകൻ ശശികുമാർ നെ ഇടിച്ചതിൽ ടിയാൻ തെറിച്ചു റോഡിൽ വീണു ടിയാന്റെ തലയുടെ പിന്നിൽ തലയോട്ടിക്കു പൊട്ടലും വലത്തേ തോളെല്ലിനു പരിക്കും സംഭവിച്ചു ടിയാൻ വണ്ടനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ **ICU** ൽ ചികിത്സയിലിരിക്കെ **18.01.2020** തീയതി വൈകിട്ട് **6.30** മണിയോടെ ടിയാന് വാഹനാപകടത്തിൽ വച്ചുണ്ടായ പരുക്കിന്റെ കാഠിന്യത്താൽ മരണപ്പെട്ടു

പോകുന്നതിനു ഇടവരുത്തി 279, 338 & 304(A) IPC പ്രകാരം ശിക്ഷാർഹമായ കുറ്റം പ്രതി ചെയ്തിരിക്കുന്നു എന്നതാണ് .

3). പ്രതി സമൻസ് കൈപ്പറ്റി കോടതി മുമ്പാകെ ഹാജരായി. പ്രോസിക്യൂഷൻ സമർപ്പിച്ച കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പ് നൽകി . പ്രതിക്ക് ജാമ്യം അനുവദിച്ചു . പ്രതിയെ പ്രതിനിധീകരിച്ച് വക്കീൽ ഹാജരായിരുന്നു. ഇന്ത്യൻ ശിക്ഷാ നിയമം 279, 338, 304 A വകുപ്പുകൾ പ്രകാരമുള്ള കുറ്റ സംഗതികൾ വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റാരോപണം നിരസിക്കുകയും കുറ്റം ചെയ്തിട്ടില്ല എന്ന വാദം ഉന്നയിക്കുകയും ചെയ്തു. അത് പ്രകാരം കോടതി മുൻപാകെ വിചാരണ നേരിടാൻ തയ്യാറാണ് എന്ന് അറിയിച്ചു.

4). പ്രോസിക്യൂഷൻ ഭാഗത്തുനിന്നും PW1 മുതൽ PW5 വരെയുള്ള സാക്ഷികളെ വിസ്തരിച്ചു ബാക്കി സാക്ഷികളെ ബഹു: APP വിസ്തരിക്കുന്നില്ല എന്ന് അറിയിച്ചു. ആയതിനാൽ CW4 മുതൽ CW9 വരെ സാക്ഷികളെ ബഹു APP യുടെ നിർദ്ദേശപ്രകാരം വിസ്തരിക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. Ext P1 മുതൽ Ext. P11 രേഖകൾ തെളിവിൽ സ്വീകരിച്ചു. ഇതോടെ പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിച്ചു.

5). പ്രോസിക്യൂഷൻ ഭാഗം സാക്ഷി വിസ്താരത്തിൽ നിന്നും പ്രതിക്കെതിരെ തെളിവുകൾ ഒന്നുമില്ലാതെ ഇരുന്നതിനാൽ പ്രതിയെ 351(1)(b) ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത പ്രകാരം ചോദ്യം ചെയ്തിട്ടില്ലാത്തതാണ്. പ്രതിഭാഗം തെളിവുകളൊന്നും ഹാജരാക്കിയില്ല.

6). ഇരുഭാഗവും വാദം കേട്ടു. ഹാജാരാക്കിയ രേഖകളും മറ്റു തെളിവുകളും പരിഗണിക്കുകയും ചെയ്തു.

7). പരിഗണനയ്ക്കായി ഇനിപ്പറയുന്ന പോയിന്റുകൾ ഉയർന്നുവരുന്നു:-

1. പ്രതി KL. 02 – BB – 5365 –)o നമ്പർ മോട്ടോർ സൈക്കിൾന്റെ ഡ്രൈവറായി ചുമതല വഹിച്ചു അപകമായും ഉദാസീനമായും മനുഷ്യജീവന് ആപത്തു വരത്തക്കവിധം ആലപ്പുഴ – ചേർത്തല NH റോഡേ തെക്കു നിന്നും വടക്കോട്ടു ഓടിച്ചു കൊണ്ടുവന്ന മോട്ടോർ സൈക്കിൾ 13.01.20 തീയതി ഉച്ച കഴിഞ്ഞു 3.15 മണി മായിത്തറ മാർക്കറ്റിനു തെക്കു വശം വെച്ച് ടി റോഡേ തെക്കു നിന്നും വടക്കോട്ടു സൈക്കിളിൽ സഞ്ചരിച്ചു വന്ന് റോഡ് ക്രോസ്സ് ചെയ്യാൻ നിന്ന ഒന്നാം സാക്ഷിയുടെ വല്യച്ഛൻ ശശികുമാർ നെ ഇടിച്ചതിൽ ടിയാൻ തെറിച്ചു റോഡിൽ വീണു ടിയാന്റെ തലയുടെ പിന്നിൽ തലയോട്ടിക്കു പൊട്ടലും വലത്തേ തോളെല്ലിനു പരിക്കും സംഭവിച്ചു ടിയാൻ വന്ദനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ICU ൽ ചികിത്സയിലിരിക്കെ 18.02.2020 തീയതി വൈകിട്ട് 6.30 മണിയോടെ ടിയാന് വാഹനാപകടത്തിൽ വച്ചുണ്ടായ പരുക്കിന്റെ കാഠിന്യത്താൽ മരണപ്പെട്ടു പോകുന്നതിനു ഇടവരുത്തി പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 338 & 304(A) IPC വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

2) പ്രോസിക്യൂഷൻ ആരോപിക്കുന്ന കുറ്റങ്ങൾക്ക് പ്രതി കുറ്റക്കാരൻ ആണോ ?

3) പ്രതി കുറ്റക്കാരൻ ആണെന്ന് തെളിയുന്ന പക്ഷം കൊടുക്കേണ്ട ശിക്ഷ ?

8). <u>പോയിന്റ് നമ്പർ 1 മുതൽ 2 വരെ:–</u> ആവർത്തനവിരസത ഒഴിവാക്കുന്നതിനും തെളിവുകൾ വിലയിരുത്തുന്നതിനും ഉള്ള എളുപ്പത്തിന് വേണ്ടി ഈ 2 ചോദ്യങ്ങളും ഒരുമിച്ചു പരിഗണിച്ചിരിക്കുന്നു. കേസിലെ ആവലാതിക്കാരനേയാണ് പ്രോസിക്യൂഷൻ PW1 ആയി വിസ്തരിച്ചിട്ടുള്ളത്. കേസിലെ സംഭവത്തിൽ മരണപ്പെട്ടതു ഒന്നാം സാക്ഷിയുടെ വല്യച്ഛൻ ശശികുമാർ ആണ് എന്നും, സംഭവം നടന്നതായി പോലീസിൽ മൊഴി കൊടുത്തിരുന്നു എന്നും, അപകടത്തിന്റെ മറ്റു വിശദാംശങ്ങൾ അറിയില്ല എന്നും ടി പ്രഥമ വിവരമൊഴിയാണ് ജാപ്തി P1 എന്നും അതിൽ കാണുന്ന ഒപ്പ് തന്റേതാണെന്നും, അപകടത്തെക്കുറിച്ച് പറഞ്ഞു കേട്ട അറിവാണെന്നും PW1 മൊഴി നൽകിയിട്ടുണ്ട്. PW2 ഉം, PW3 ഉം സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നും കണ്ടതായി പോലീസിൽ മൊഴി കൊടുത്തില്ല എന്നും മൊഴി നൽകി .

9) PW4 ഈ കേസിലെ FIR register ചെയ്ത ഉദ്യോഗസ്ഥനാണ്. ടിയാൻ PW1 ന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ Ext. P2 register ചെയ്തു എന്നും മൊഴി നൽകി. PW5 ഈ കേസിലെ അന്വേഷണ ഉദ്യോഗസ്ഥനാണ്. ടിയാൻ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചു എന്നും മൊഴി നൽകി. PW4 നെയും PW5 നെയും വിസ്തരിച്ച Ext. P2 to P11 രേഖകൾ മാർക്ക് ചെയ്തുവെങ്കിലും ടി രേഖകൾ

കൊണ്ടും മൊഴി കൊണ്ടും പ്രതി വാഹനം അശ്രദ്ധമായും അപാകമായും ഓടിച്ച് വന്നതാണ് അപകടകാരണമെന്ന് തെളിയിക്കാനോ ഈ കേസിലെ കുറ്റാരോപിതനായ പ്രതിയാണ് ആ സമയം വാഹനമോടിച്ചിരുന്നത് എന്ന് തെളിയിക്കുവാനോ പ്രോസിക്യൂഷൻ സാധിച്ചിട്ടില്ല.

10) ഈ കേസിലെ ആവലാതിക്കാരനായ PW1 ന്റേയും അന്വേഷണ ഉദ്യോഗസ്ഥനായ PW5 ന്റേയും മൊഴിയിൽ നിന്നും വാഹനാപകടം ഉണ്ടായി എന്നും അതുവഴി ഒന്നാം സാക്ഷിയുടെ വല്യച്ഛൻ ശശികുമാർ എന്നയാൾ മരണപ്പെട്ടു എന്നും വ്യക്തമാകുന്നു. എന്നാൽ ഈ കേസിലെ പ്രതിയെ സംഭവവുമായി ബന്ധിപ്പിക്കുന്ന യാതൊരു തെളിവും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല, വാഹനാപകടത്തിന്റെ കാരണം വാഹനം ഓടിച്ചിരുന്ന ആളുടെ അശ്രദ്ധയും വേഗതയുമാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും പ്രോസിക്യൂഷൻ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കൃത്യ സമയം വാഹനം ഓടിച്ചിരുന്നത് ഈ കേസിലെ കുറ്റാരോപിതനായ പ്രതിയായിരുന്നുവെന്ന് നിസംശയം തെളിയിക്കാൻ പ്രോസിക്യൂഷൻ ഭാഗത്തിന് സാധിച്ചിട്ടില്ല എന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നിരിക്കുന്നു. പ്രതി വാഹനം ഓടിച്ചത് അശ്രദ്ധമായും മനുഷ്യജീവന് അപകടം ഉണ്ടാക്കുന്ന തരത്തിലും ആണെന്ന രണ്ടു ഘടകങ്ങൾ തൃപ്തികരമായി തെളിയേണ്ടതുണ്ട് .

11) മുകളിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ കേസിനെ പിന്തുണയ്ക്കുന്നതിൽ പ്രധാന സാക്ഷികളായ PW1 (ഡിഫാക്ടോ പരാതിക്കാരൻ) ഉം PW2, PW3 (സംഭവം കണ്ടതായി പറയപ്പെടുന്ന സാക്ഷികൾ) ഉം പരാജയപ്പെട്ടിരിക്കുന്നു എന്നത് വ്യക്തമാകുന്നു. PW1 സംഭവം നേരിൽ കണ്ടിട്ടില്ലെന്നും കേട്ടറിവാണുള്ളത് എന്നും മാത്രമാണ് മൊഴി നൽകിയത്.

12) PW2, PW3 എന്നിവർ ദൃക്സാക്ഷികളായി പറയപ്പെട്ടിട്ടുണ്ടെങ്കിലും, അവർ പ്രോസിക്യൂഷന്റെ വാദം വിചാരണക്കിടയിൽ പിന്തുണച്ചില്ല. സംഭവസമയത്ത് കുറ്റം ചുമത്തപ്പെട്ട വാഹനത്തിന്റെ ഡ്രൈവറായി പ്രതിയെ തിരിച്ചറിയുന്നതിന് സഹായിക്കുന്ന സ്വതന്ത്രമോ വിശ്വാസനീയമോ ആയ മറ്റേതെങ്കിലും സാക്ഷിയെ പരിശോധിച്ചിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥനായ PW5 സമർപ്പിച്ച സീന്മഹസർ അടക്കം മറ്റ് രേഖകൾ പ്രതിയുടെ അവഗണനാപരവും അശ്രദ്ധാപരവുമായ ഡ്രൈവിംഗ് സ്ഥാപിക്കാൻ മതിയായതല്ല. കൂടാതെ, റോഡിലെ വാഹനഗതാഗതത്തിന്റെ അളവിനെക്കുറിച്ചും, റോഡിന്റെ അവസ്ഥയെയും മറ്റും, ഡ്രൈവറായി ആവശ്യമായ ജാഗ്രത പാലിച്ചില്ല എന്നത് സ്ഥാപിക്കാൻ സഹായിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും ആരുമൊരു മൊഴിയും നൽകിയിട്ടില്ല.

അതുപോലെ പ്രതിയെ കുറ്റം ചുമത്തപ്പെടുന്ന വാഹനത്തിന്റെ ഡ്രൈവറായി തിരിച്ചറിയാൻ ഒരു സാക്ഷിക്കും കഴിയാഞ്ഞത്, ഇത് അശ്രദ്ധ തെളിയിക്കാൻ ആവശ്യമായ തെളിവുകളുടെ ശൃംഖലയെ അപൂർണ്ണമാകുന്നു .

13) ദണ്ഡനപരമായ വിചാരണകളിൽ കുറ്റം തെളിയിക്കാനുള്ള ബാധ്യത ആക്ഷേപം ഉന്നയിക്കുന്ന പ്രോസിക്യൂഷനാണ് ബാധകമെന്ന് നിയമത്തിൽ വ്യക്തമാണ്. ശക്തമായ സംശയമുണ്ടെങ്കിലും അത് നിയമപരമായ തെളിവിന് പകരമാകില്ല. ഇപ്പൊഴത്തെ കേസിൽ, പ്രോസിക്യൂഷൻ ഈ ബാധ്യത പാലിക്കാൻ പരാജയപ്പെട്ടിരിക്കുന്നു. ഇന്ത്യൻ പീനൽ കോഡിന്റെ സെക്ഷൻ 279, 338, 304A ഉൾപ്പെടെ ആരോപിക്കപ്പെട്ട കുറ്റങ്ങൾക്കായി പ്രതിയെ ബന്ധിപ്പിക്കുന്ന വിധത്തിലുള്ള നേരിട്ട് അല്ലെങ്കിൽ പരോക്ഷമായ തെളിവുകളൊന്നും ഉണ്ടായിട്ടില്ല. അതിനാൽ പ്രതിയെ സംശയത്തിന്റെ ആനുകൂല്യം നൽകേണ്ടതായിരിക്കുന്നു.

14) ആയതിനാൽ തന്നെ പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരമുള്ള കുറ്റം അന്നേദിവസം ആ സമയം മേൽ പ്രതിയാണ് ചെയ്തത് എന്ന് സംശയാതീതമായി തറപ്പിച്ചു പറയാൻ ഈ കോടതിക്ക് സാധ്യമല്ല. കോടതി മുൻപിലുള്ള തെളിവുകൾ ഇപ്രകാരം ആയിരിക്കെ പ്രതിക്കെതിരെയുള്ള കുറ്റം സംശയാതീതമായി തെളിയിക്കപ്പെടാത്തതിനാലും ഇന്ത്യൻ ശിക്ഷാ നിയമം 279, 338, 304 A വകുപ്പുകൾക്ക് ശിക്ഷിക്കാൻ സാധ്യമല്ലാത്തതാണ്. ആയതിനാൽ 1 മുതൽ 2 വരെ സംഗതികളിൽ പറഞ്ഞ സൂചനകൾ എല്ലാം തന്നെ പ്രോസിക്യൂഷനു എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

15) <u>പോയിന്റ് നമ്പർ **3**</u>**:-** മേൽപ്പറഞ്ഞ കാരണങ്ങളാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 338, 304 A വകുപ്പുകൾ പ്രകാരം അപരാധങ്ങൾ ചെയ്തിട്ടില്ല എന്നും കണ്ടെത്തി പ്രതിയെ ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത**, 2023,** 278(1) പ്രകാരം വെറുതെ വിട്ടിരിക്കുന്നു.

പ്രതിയുടെ ജാമ്യവ്യവസ്ഥ ഉടമ്പടി ഇതിനാൽ റദ്ദ് ചെയ്ത് പ്രതിയെ സ്വതന്ത്ര്യനാക്കി വെറുതെ വിട്ടിരിക്കുന്നു.

(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു വായിച്ചു നോക്കി, തെറ്റ് തിരുത്തി. ഉറന്ന കോടതിയിൽ 2026-മാണ്ട് മാർച്ച് മാസം **21-**ാം തീയതി വിധി പറഞ്ഞിട്ടുള്ളതാണ്.)

ന്യായാധികാരി

ഗ്രാമ ന്യായാലയ, കഞ്ചിക്കോട്

**<u>അനുബന്ധം</u>**

**<u>സർക്കാർ ഭാഗം സാക്ഷികൾ</u>**

PW1- ദിന

PW2 - സുധീഷ്

PW3 - ബൈജു

PW4 - കെ. ആർ .മധു

PW5 - ശ്യാമളൻ

| **സർക്കാർ ഭാഗം തെളിവുകൾ** | **മുഖാന്തിരം** |
|---|---|
| P1 - 14.01.20 - ാം തീയതിയിലെ പ്രാഥമിക വിവര മൊഴി | PW1 |
| P2 – 14.01.20 –ാം തീയതിയിലെ FIR | PW4 |
| P3 – 18.01.20 –ാം തീയതിയിലെ inquest report | PW4 |
| P4 – 14.01.20 –ാം തീയതിയിലെ scene mahazar | PW5 |
| P5 – 15.01.20 –ാം തീയതിയിലെ bail bond | PW5 |
| P6 – 15.01.20 –ാം തീയതിയിലെl vehicle mahazar | PW5 |
| P7 – 17.01.20 –ാം തീയതിയിലെ inspection report | PW5 |
| P8 – 15.01.20 –ാം തീയതിയിലെ 3rd party kachit | PW5 |
| P9 – 19.01.20 –ാം തീയതിയിലെ postmortem certificate | PW5 |
| P10 – പ്രതിയുടെ address report | PW5 |
| P11 – Section addition report | PW5 |

**<u>പ്രതി ഭാഗം സാക്ഷികൾ</u> –**

**ഇല്ല**

**<u>പ്രതി ഭാഗം തെളിവുകൾ</u> –**

**ഇല്ല**

ന്യായാധികാരി

ഗ്രാമ ന്യായാലയ, കഞ്ഞിക്കുഴി